## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 552 — 04.07.2019 -ൽ മറുപടിയ്ക്ക്

## പ്രൈമറി സ്കൂളുകളിൽ ഹൈടെക് ലാബുകൾ

ചോദ്യം — ഉത്തരം

ശ്രീ.ബി.ഡി. ദേവസ്സി
ശ്രീ. എ. പ്രദീപ്കുമാർ
ശ്രീ. കെ. ബാബു
ശ്രീ.ഒ. ആർ. കേളു

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 9941 പ്രൈമറി സ്കൂളുകളിൽ ഹൈടെക് ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ ; | എ) സംസ്ഥാനത്തെ 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും കിഫ്ബി 292 കോടി രൂപ (ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട് കോടി രൂപ മാത്രം) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കുകയാണ് ചെയ്യുന്നത്. സ്കൂളുകളിലേയ്ക്ക് നൽകുന്ന ലാപ്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടി മീഡിയ പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ തുടങ്ങിയവ ആവശ്യകതയ്ക്കനുസരിച്ച് ഏത് ക്ലാസിലും ഉപയോഗിക്കാവുന്നതാണ്. അതിനാൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം സ്കൂളുകളിൽ സൗകര്യമുള്ള എല്ലാ ക്ലാസ് മുറികളിലും ഹൈടെക് സംവിധാനം പ്രയോജനപ്പെടുത്താവുന്ന വിധത്തിലാണ് ക്രമീകരണങ്ങൾ ഒരുക്കിയിരിക്കുന്നത്. പദ്ധതി പ്രകാരം സ്കൂളുകൾക്ക് വിതരണം ചെയ്യുന്ന ലാപ്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടി മീഡിയ പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ എന്നിവയുടെ വിതരണ ഉദ്ഘാടനം 2019 ജൂലൈ ആദ്യം ബഹു. മുഖ്യമന്ത്രി തിരുവനന്തപുരത്ത് വച്ച് നടത്തുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. സ്കൂളുകൾക്ക് മൾട്ടി ഫങ്ഷൻ പ്രിന്റർ, ടെലിവിഷൻ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| ബി) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷനും (കൈറ്റ്) സ്കൂളുകളും തമ്മിൽ ധാരണാപത്രം ഒപ്പുവയ്ക്കുന്നത് സംബന്ധിച്ച സർക്കാർ മാനദണ്ഡങ്ങൾ അടങ്ങിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | ബി) ഉണ്ട്; പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം (ലോവർ പ്രൈമറി, അപ്പർ പ്രൈമറി) സ്കൂളുകളിൽ ഐ.സി.ടി ഉപകരണങ്ങൾ വിന്യസിക്കുന്നതിന് മുന്നോടിയായി കൈറ്റും പ്രസ്തുത സ്കൂളും തമ്മിൽ ഒപ്പുവയ്ക്കേണ്ട ധാരണാ പത്രത്തിന് 06.06.19 ലെ സ.ഉ.(സാധാ) നം.2177/2019/പൊ.വി.വ.പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത ധാരണാപത്രത്തിൽ സ്കൂളുകൾ ഏറ്റെടുത്തു നടത്തേണ്ട ഉത്തരവാദിത്തങ്ങൾ സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | സി) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്ന സർക്കാർ ഉത്തരവിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | സ്കൂളിനെയും കുട്ടികളെയും സംബന്ധിക്കുന്ന വിവരങ്ങളുടെ സുരക്ഷിതത്വവും സ്വകാര്യതയും ഉറപ്പാക്കാനും ദുരുപയോഗം ഒഴിവാക്കുവാനും ആവശ്യമായ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | ഡി) | സ്കൂളിനെയും കുട്ടികളെയും സംബന്ധിക്കുന്നതുൾപ്പെടെ വിവരങ്ങളുടെ സുരക്ഷിതത്വവും സ്വകാര്യതയും ഉറപ്പാക്കാനും ദുരുപയോഗം ഒഴിവാക്കാനും സ്കൂൾ കുട്ടികൾക്ക് വേണ്ടി കേരള സ്റ്റേറ്റ് സൈബർ സേഫ്റ്റി പ്രോട്ടോകോൾ വികസിപ്പിച്ചെടുത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 2060 ഹൈസ്കൂളുകളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ അംഗങ്ങൾവഴി സ്കൂൾ കുട്ടികൾക്ക് പരിശീലനവും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതി - സ്കൂളുകളിൽ ഐ.സി.ടി ഉപകരണങ്ങൾ വിന്യസിക്കുന്നതിനു മുന്നോടിയായി കൈറ്റും പ്രസ്തുത സ്കൂളുകളും തമ്മിൽ ഒപ്പുവക്കേണ്ട ധാരണാപത്രത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.2177/2019/പൊ.വി.വ.** തിരുവനന്തപുരം,തീയതി, 06.06.19

പരാമർശം:-
1. 10.01.18 ലെ സ.ഉ.(സാധാ)നം.165/2018/പൊ.വി.വ.
2. 13.11.18 ലെ സ.ഉ.(സാധാ)നം.4743/2018/പൊ.വി.വ.
3. കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച 25.05.2019 ലെ KITE/2019/1631(15) നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ ഐ.സി.ടി. ഉപകരണങ്ങൾ വിന്യസിക്കുന്നതിന് മുന്നോടിയായി കൈറ്റും പ്രസ്തുത സ്കൂളും തമ്മിൽ ഒപ്പുവക്കേണ്ട ധാരണാപത്രത്തിന് അനുമതി നൽകിയിരുന്നു.

പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ കൈറ്റ് മുഖാന്തിരം കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുന്നതിനായി കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച വിശദമായ പദ്ധതി രേഖ (Detailed Project Report) യ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ആയതിന് കിഫ്ബിയുടെ അംഗീകാരവും ലഭിച്ചിരുന്നു.

കൈറ്റ് നടത്തിയ ടെണ്ടർ നടപടികൾ കൈറ്റിന്റെ പത്താമത് ഡയറക്ടർ ബോർഡ് അംഗീകരിച്ചിട്ടുണ്ടെന്നും പ്രൈമറി വിഭാഗം (ലോവർ പ്രൈമറി, അപ്പർ പ്രൈമറി) സ്കൂളുകളിലേയ്ക്ക് ഹൈടെക് ലാബിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് മുൻപ് ഹൈടെക് സ്കൂൾ പദ്ധതിയിലേതുപോലെ ധാരണാപത്രം ഒപ്പുവയ്ക്കുന്നത് ഉചിതമായിരിക്കുമെന്നും പരാമർശം (3) ലെ കത്ത് പ്രകാരം വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം (ലോവർ പ്രൈമറി, അപ്പർ പ്രൈമറി) സ്കൂളുകളിൽ ഐ.സി.ടി. ഉപകരണങ്ങൾ വിന്യസിക്കുന്നതിന് മുന്നോടിയായി കൈറ്റും പ്രസ്തുത സ്കൂളും തമ്മിൽ ഒപ്പുവെയ്ക്കേണ്ട ധാരണാപത്രത്തിന് അനുമതി നൽകി ഉത്തരവാകുന്നു. ധാരണാപത്രം അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.എസ്.കൃഷ്ണകുമാർ**

**അഡീഷണൽ സെക്രട്ടറി**

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വൈസ്-ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം

സി.ഇ.ഒ., പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം 695014

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, ഐ & പിആർഡി, തിരുവനന്തപുരം (വെബ് സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

# ധാരണാപത്രം

.......................................................................................ാം തീയതി കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നതും 2013 ലെ കമ്പനീസ് ആക്ട് സെക്ഷൻ 8 അനുസരിച്ചുള്ള U74999KL2017NPL049848 നമ്പർ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷനെ (കൈറ്റ്) പ്രതിനിധീകരിച്ചുകൊണ്ട് ........................................ .............................................................. ഉം (ഒന്നാം കക്ഷി) ജില്ലയിൽ ............................ കോഡിലുള്ള ......................................................................................................... സ്കൂളിന്റെ പ്രഥമാധ്യാപകൻ/അധ്യാപികയും (രണ്ടാം കക്ഷി) കൂടി ഒപ്പുവെയ്ക്കുന്ന ധാരണാപത്രം.

സംസ്ഥാന സർക്കാർ 2018-19 ലെ ബജറ്റിൽ സർക്കാർ, എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ ഹൈടെക് ലാബുകൾ സജ്ജമാക്കുന്നതിന് തീരുമാനിക്കുകയും ആയത് കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിന് കൈറ്റിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് സർക്കാർ നിർദേശിച്ച മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രൈമറി വിഭാഗം സ്കൂളുകളിൽ ഐ.ടി. സംവിധാനങ്ങൾ കൈറ്റ് വിന്യസിക്കുന്നതാണ്. ഈ പദ്ധതിയുടെ കാര്യക്ഷമമായ നിർവഹണത്തിനും ഇതിന്റെ ഗുണഫലം പദ്ധതി നടപ്പാക്കുന്ന ടി സ്കൂളിലെ എല്ലാ കുട്ടികൾക്കും ലഭിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനുമായി ടി ഇരുകക്ഷികളും താഴെപ്പറയുന്ന വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ടുള്ള ഉടമ്പടിയിൽ ഇന്നേദിവസം ഒപ്പുവെയ്ക്കുന്നു.

കൈറ്റിന്റെ ചുമതലകൾ

1. സർക്കാർ ഉത്തരവനുസരിച്ച് ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം സ്കൂളുകളിലേയ്ക്ക് ലാപ്ടോപ്പ്, മൾട്ടിമീഡിയ പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ, മൾട്ടി ഫംങ്ഷൻ പ്രിന്റർ, 42" എൽ.ഇ.ഡി. ടെലിവിഷൻ തുടങ്ങിയ ഉപകരണങ്ങൾ ഇതിനായി പുറപ്പെടുവിച്ച ടെണ്ടർ വ്യവസ്ഥകൾ അനുസരിച്ചുള്ള സമയക്രമം പാലിച്ച് ലഭ്യമാക്കും.

2. സ്കൂളിന് നൽകുന്ന ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിനും കേടുപാടുകൾ സംഭവിച്ചാൽ അവ പരിഹരിക്കുന്നതിനും കോൾസെന്റർ, ഓൺലൈൻ കംപ്ലൈന്റ് രജിസ്ട്രേഷൻ സംവിധാനം എന്നീ സൗകര്യങ്ങൾ ലഭ്യമാക്കും.

3. പുതിയ സാങ്കേതികവിദ്യ സ്വായത്തമാക്കാനും വിവിധ വിഷയങ്ങൾ ഐ.ടി. ഉപയോഗിച്ച് പഠിപ്പിക്കുന്നതിനും സംവിധാനം ഒരുക്കും. പാഠഭാഗങ്ങളുടെ വിനിമയത്തിന് സഹായകമായ ഡിജിറ്റൽ വിഭവങ്ങൾ, സമഗ്രാസൂത്രണ-സൂക്ഷ്മാസൂത്രണ രേഖകൾ തുടങ്ങിയവ ഉൾപ്പെടുത്തിയുള്ള 'സമഗ്ര' വിഭവ പോർട്ടൽ ലഭ്യമാക്കും.

4. സാങ്കേതികമായും ഭൂമിശാസ്ത്രപരമായും ഇന്റർനെറ്റ് ലഭ്യമാക്കാൻ കഴിയുന്ന പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം വിദ്യാലയങ്ങൾക്ക് ഘട്ടംഘട്ടമായി അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കും.

5. സ്കൂളുകൾക്ക് ലഭ്യമാക്കുന്ന ഉപകരണങ്ങളുടെയും സേവനങ്ങളുടെയും സൗകര്യങ്ങളുടെയും ഉപയോഗം കൈറ്റിന്റെയും വിദ്യാഭ്യാസ ഓഫീസർമാരുടെയും നേതൃത്വത്തിൽ പരിശോധനയ്ക്കും ഓഡിറ്റിങ്ങിനും വിധേയമാക്കും.

6. കിഫ്ബി ഫണ്ടുപയോഗിച്ച് ലഭ്യമാക്കുന്ന ഉപകരണങ്ങൾക്ക്/സംവിധാനങ്ങൾക്ക് കിഫ്ബി ആവശ്യപ്പെടുന്നതനുസരിച്ചുള്ള പരിശോധനയ്ക്കും ഓഡിറ്റിംഗിനും സംവിധാനം ഏർപ്പെടുത്തും.

7. പ്രൈമറി ക്ലാസ്സുകളിലേയ്ക്കുള്ള ഐ.സി.ടി. പാഠപുസ്തകങ്ങൾ/സഹായ പുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി.ക്കുവേണ്ടി തയ്യാറാക്കി നൽകും.

8. വിദ്യാഭ്യാസ വകുപ്പിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കാവശ്യമായ വിവിധ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ തയ്യാറാക്കി ലഭ്യമാക്കും.

9. സ്കൂളുകൾക്ക് ആവശ്യമായ ഡിജിറ്റൽകണ്ടന്റിനുപരി സ്വതന്ത്ര സോഫ്റ്റ് വെയർ ഓപ്പറേറ്റിംഗ്സിസ്റ്റം കസ്റ്റമൈസ് ചെയ്ത് സൗജന്യമായി ലഭ്യമാക്കും.

10. വിദ്യാർത്ഥികളിലെ സാങ്കേതികപരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും ഐ.സി.ടി. അധിഷ്ഠിതപ്രവർത്തനങ്ങൾക്കും ടി സ്കൂളിലെ താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകും. കുട്ടികൾക്ക് വിവിധ മേഖലകളിൽ പ്രത്യേക പരിശീലനം ക്ലാസ് റൂം പഠനം നഷ്ടപ്പെടാത്തവിധം അവധിദിവസങ്ങൾകൂടി പ്രയോജനപ്പെടുത്തി നൽകും.

11. പ്രൈമറി വിഭാഗം അധ്യാപകർക്ക് ഘട്ടം ഘട്ടമായി ഐ.ടി. പരിശീലനവും സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർക്ക് പ്രത്യേക പരിശീലനം നൽകും.

12. സ്കൂളുകൾക്ക് വിതരണം ചെയ്യുന്ന ഉപകരണങ്ങൾക്ക് 5 വർഷത്തെ വാറണ്ടി ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതിപ്രകാരം നൽകുന്ന ഉപകരണങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള കേടുപാടുകളുണ്ടായാൽ അവ പരിഹരിക്കുന്ന സംവിധാനത്തെ സഹായിക്കാനായി ജില്ലാതലത്തിൽ സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തും.

---/---

13. സ്കൂളുകൾക്ക് ലഭിക്കുന്ന കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് വാറണ്ടി കാലയളവിനുശേഷം കേടുപാടുകൾ സംഭവിച്ചാൽ അവ പരിഹരിക്കുന്നതിനായി വിവിധഘട്ടങ്ങളിൽ അനുമതി ലഭിക്കുന്നതിനനുസൃതമായി ജില്ലകളിൽ ഹാർഡ്‌വെയർ ക്ലിനിക്കുകൾ സംഘടിപ്പിക്കും.

14. കേടുപാടുകൾ പരിഹരിക്കാൻ കഴിയാത്തതും പുനരുപയോഗയോഗ്യമല്ലാത്തതുമായ ഉപകരണങ്ങൾ ഇ–മാലിന്യമായി ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് സർക്കാർ ഉത്തരവ് അനുസരിച്ച് സംവിധാനം ഏർപ്പെടുത്തും.

15. സ്കൂളുകളെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകാൻ 'സ്കൂൾവിക്കി' പോലുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ലഭ്യമാക്കും.

16. ഹൈടെക് പ്രവർത്തന പുരോഗതി നിശ്ചിത ഇടവേളകളിൽ മോണിറ്റർ ചെയ്യുന്നതിന്റെ ഭാഗമായി സ്കൂളുകൾക്ക് വിവരങ്ങൾ നൽകാൻ സംവിധാനം ഏർപ്പെടുത്തും.

17. അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർക്ക് പുറമേ സ്കൂൾ പി.ടി.എ, മറ്റ് രക്ഷാകർത്താക്കൾ, ജീവനക്കാർ, പൊതുജനങ്ങൾ തുടങ്ങിയവർക്ക് സാങ്കേതികവിദ്യയിലധിഷ്ഠിതമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള മൊഡ്യൂൾ തയ്യാറാക്കി ലഭ്യമാക്കും.

18. 'വിക്ടേഴ്സ്' വിദ്യാഭ്യാസ ചാനൽ വഴി വിദ്യാഭ്യാസ പരിപാടികളുടെ സംപ്രേഷണം ഏർപ്പെടുത്തും. ടി സ്കൂളിൽ നടക്കുന്ന മികവാർന്ന പ്രവർത്തനങ്ങൾ വിക്ടേഴ്സിൽ അവതരിപ്പിക്കാൻ അവസരം നൽകും. ഇത് ഓൺലൈനായും എല്ലാ സ്കൂളുകളിലും എത്തിക്കുന്നതിനുള്ള സംവിധാനമൊരുക്കും.

## സ്കൂൾ അധികൃതർ ഏറ്റെടുക്കുന്ന ഉത്തരവാദിത്തങ്ങൾ

1. ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് സർക്കാർ/കൈറ്റ് നിർദേശിക്കുന്ന തരത്തിലുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടപ്പിലാക്കും.
2. സ്കൂളുകൾക്ക് ലഭ്യമാക്കുന്ന ലാപ്ടോപ്, പ്രൊജക്ടർ, ശബ്ദസംവിധാനം, ഇന്റർനെറ്റ്, ഡിജിറ്റൽ ഉള്ളടക്കങ്ങൾ എന്നിവ അധ്യാപകർ അവരുടെ ക്ലാസ്റൂം വിനിമയ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തും.
3. ഐടി ഉപകരണങ്ങൾ, ഡിജിറ്റൽ ഉള്ളടക്കങ്ങൾ, സാങ്കേതിക സൗകര്യങ്ങൾ, സേവനങ്ങൾ തുടങ്ങിയവ പഠന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനും അത് ആത്മവിശ്വാസത്തോടെ കൈകാര്യം ചെയ്യുന്നതിനും അധ്യാപകർക്ക് കൂടുതൽ പരിശീലനം ആവശ്യമെങ്കിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ സേവനം പ്രയോജനപ്പെടുത്തും.
4. അക്കാദമികവും ഭരണപരവുമായ ആവശ്യങ്ങൾക്കു മാത്രമേ ഹൈടെക് ഉപകരണങ്ങൾ ഉപയോഗിക്കൂ.
5. സ്കൂളിലെ ഉപകരണങ്ങളുടെ മൊത്തത്തിലുള്ള ചുമതല പ്രഥമാധ്യപകൻ/ പ്രഥമാധ്യാപികക്കായിരിക്കും.
6. സ്കൂളിൽ ലഭിക്കുന്ന ഉപകരണങ്ങളുടെ വിശദാംശങ്ങൾ കൈറ്റ് നിർദേശിക്കുന്ന തരത്തിൽ ഓൺലൈൻ സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തും.
7. വാറണ്ടിയുള്ള ഉപകരണങ്ങൾക്ക് തകരാറ് സംഭവിച്ചാൽ യഥാസമയം പരാതി രജിസ്റ്റർ ചെയ്യാൻ നടപടി സ്വീകരിക്കും.

---/---

8. സ്കൂളിൽ, ക്ലാസ്മുറികളിൽ ഫലപ്രദമായി ഐടി ഉപകരണങ്ങൾ ഉപയോഗിക്കാത്ത പക്ഷം അത് കൈറ്റ്/വിദ്യാഭ്യാസവകുപ്പിന് തിരികെ എടുക്കാവുന്നതാണ്.

9. സ്കൂളിൽ ലഭിക്കുന്ന ഉപകരണങ്ങൾ കുട്ടികൾക്ക് അവയുടെ ഉപയോഗം തടസ്സപ്പെടാത്തവിധം കൈറ്റ് ആവശ്യപ്പെടുന്നതനുസരിച്ച് പരിശീലനങ്ങൾ, ശില്പശാലകൾ തുടങ്ങിയവക്ക് ലഭ്യമാക്കും.

10. സ്കൂളിനോടൊപ്പമുളള ഹൈസ്കൂൾ/ഹയർസെക്കന്ററി- വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം കുട്ടികളുടെ പഠനത്തിനും ലഭ്യതയ്ക്കനുസരിച്ച് ഉപകരണങ്ങളുടെ സൗകര്യം അനുവദിച്ച് നൽകുന്നതാണ്.

11. സ്കൂളിൽ ലഭ്യമാക്കുന്ന ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം അക്കാദമിക പ്രവർത്തനങ്ങൾക്കും സ്കൂളിന്റെ ആവശ്യങ്ങൾക്കും മാത്രമേ ഉപയോഗിക്കൂ.

12. സ്കൂളിലെ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം യാതൊരുവിധത്തിലും ദുരുപയോഗം ചെയ്യുകയില്ല. ക്ലാസ് ഇതര സമയങ്ങളിൽ സ്കൂളിലെ ഉത്തരവാദപ്പെട്ടവരുടെ അറിവും സമ്മതവുമില്ലാതെ ഈ സൗകര്യം മറ്റാരും ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതാണ്.

13. കമ്പ്യൂട്ടറുകളിൽ അക്കാദമിക പ്രവർത്തനങ്ങൾക്കും ഭരണപരമായ പ്രവർത്തനങ്ങൾക്കുമായി നിർദേശിച്ചിരിക്കുന്നതല്ലാത്ത യാതൊരുവിധ ആപ്ലിക്കേഷനുകളോ, പൈറേറ്റഡ് ആപ്ലിക്കേഷനുകളോ പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറുകളോ ഇൻസ്റ്റോൾ ചെയ്തിട്ടില്ലെന്ന് ഉറപ്പുവരുത്തും.

14. ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം പഠന-ബോധന പ്രക്രിയയിലും ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതാണ്. ഇതിനായി പാഠഭാഗങ്ങൾക്ക് അനുയോജ്യമായ സമഗ്രാസൂത്രണ-സൂക്ഷ്മാസൂത്രണ വിഭവങ്ങളും ഡിജിറ്റൽ ഉളളടക്കങ്ങളും ക്ലാസ് മുറികളിൽ ഉപയോഗി ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

15. 'സമഗ്ര' പോർട്ടലിലെ വിഭവങ്ങൾ ഉപയോഗിക്കുന്നതിനോടൊപ്പം പ്രാദേശികമായി വിഭവ നിർമ്മാണത്തിനും സമാഹരണത്തിനും അധ്യാപകർക്ക് നിർദേശം നൽകുന്നതും അവ സമഗ്രയിൽ ഉൾപ്പെടുത്തുന്നതിനുളള ക്രമീകരണങ്ങൾ ഒരുക്കുന്നതുമാണ്.

16. ഐ.സി.ടി. അധിഷ്ഠിത പരിശീലനം സ്കൂളിലെ എല്ലാ അധ്യാപകർക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

17. വിദ്യാഭ്യാസ വകുപ്പിന്റെ ഡാറ്റാ ശേഖരണത്തിനുള്ള 'സമ്പൂർണ'യിൽ സ്കൂളിലെ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തുന്നതിനും വിദ്യാഭ്യാസ വകുപ്പിന്റെ നിർദേശങ്ങൾക്കനുസരിച്ച് യഥാസമയം വിശദാംശങ്ങൾ മെച്ചപ്പെടുത്തുന്നതിനും ക്രമീകരണങ്ങൾ ഒരുക്കും.

18. 'സമേതം' സ്കൂൾ ഡാറ്റാ ബാങ്ക് പരിശോധിച്ച് സ്കൂളിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത് ശരിയാണെന്ന് ഉറപ്പുവരുത്തും. പിശകുണ്ടെങ്കിൽ പരിഹരിക്കുന്നത് അടിയന്തിര നടപടി സ്വീകരിക്കും.

19. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും ഹൈടെക് പദ്ധതി യുടെയും വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സന്നദ്ധതയും കഴിവുമുള്ള അധ്യാപകരെ സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാരായി നിയോഗിക്കും.

20. കൈറ്റ്, വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിൽനിന്ന് കാലാകാലങ്ങളിൽ നൽകുന്ന ഉത്തരവുകൾക്കും നിർദേശങ്ങൾക്കുമനുസരിച്ച് ഹൈടെക് പ്രവർത്തനങ്ങൾ നടപ്പിലാക്കും.

---/---

21. എല്ലാ വിദ്യാർത്ഥികൾക്കും ഐ.സി.ടി. അധിഷ്ഠിത പഠനപ്രവർത്തനങ്ങൾക്കായി ലഭ്യമായ ഐ.ടി. ഉപകരണങ്ങളുടെ സൗകര്യം ലഭ്യമാക്കും.

22. സ്കൂളിൽ വിന്യസിക്കുന്ന ഐടി ഉപകരണങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പ് കാലാകാലങ്ങളിൽ സർക്കാർ ഉത്തരവുകളിലൂടെ നിർദേശിക്കുന്ന സ്പെസിഫിക്കേഷൻ, വില്പനാനന്തര സേവനങ്ങൾ തുടങ്ങിയവ അനുസരിച്ചാണെന്ന് ഉറപ്പുവരുത്തുന്നതാണ്.

23. സ്കൂളിൽ നിന്നും കൈറ്റ്/വിദ്യാഭ്യാസ വകുപ്പ് ആവശ്യപ്പെടുന്ന വിവിധ വിവരങ്ങൾ അവയുടെ പൂർണമായ കൃത്യത (Data Accuracy) പരിശോധിച്ച് ഉറപ്പാക്കിയതിന് ശേഷം മാത്രം ലഭ്യമാക്കും.

24. കൈറ്റ്, വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ, 'സ്കൂൾവിക്കി' ഉൾപ്പെടെയുള്ള സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ തുടങ്ങിയവ ഫലപ്രദമായും സമയബന്ധിതമായും നടപ്പിലാക്കുന്നതാണ്.

25. സ്കൂളിലേയ്ക്ക് ലഭിക്കുന്ന ഉപകരണങ്ങളുടെയും സൗകര്യങ്ങളുടെയും പരമാവധി ഉപയോഗം ഉറപ്പുവരുത്തുന്നതിനോടൊപ്പം ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കുന്നതിനും സുരക്ഷിതമായി സൂക്ഷിക്കുന്നതിനും പ്രത്യേക ശ്രദ്ധചെലുത്തുന്നതാണ്.

26. സ്കൂളിനെയും കുട്ടികളെയും സംബന്ധിക്കുന്ന വിവരങ്ങളുടെ സുരക്ഷിതത്വം, സ്വകാര്യത എന്നിവ ഉറപ്പാക്കാനും ദുരുപയോഗം ഒഴിവാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കും.

ഇതുമായി ബന്ധപ്പെട്ട പരാതികൾ തീർപ്പാക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടറെയും അവിടെ തീർപ്പായില്ലെങ്കിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറെയും ചുമതലപ്പെടുത്തുന്നതിന് രണ്ട് കക്ഷികൾക്കും സമ്മതമാണ്.

| കൈറ്റ് ജില്ലാ കോ-ഓർഡിനേറ്ററുടെ പേര് : | പ്രഥമാധ്യാപകന്റെ/അധ്യാപികയുടെപേര് : |
|---|---|
| ഒപ്പ് : | ഒപ്പ് : |
| സീലും ഓഫീസ് സീലും | സീലും ഓഫീസ് സീലും |

സാക്ഷികൾ 1 :

2 :

---/---